പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3523 24/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ പഞ്ചായത്തുകൾ

ചോദ്യം മറുപടി

ശ്രീ.സി.കെ.നാണു : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഭരണഘടനയിലെ 5-ാം പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടിക വർഗ്ഗ വിഭാഗത്തിനായി കേരളത്തിൽ എത്ര പഞ്ചായത്തുകൾ ഉണ്ട്; വ്യക്തമാക്കുമോ: | (എ യും ബി യും) | ഭരണ ഘടനയിലെ 5-ാം പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടിക വർഗ്ഗ വിഭാഗത്തിനായി കേരളത്തിൽ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ 20/5/2010-ലെ സ.ഉ(പി) നമ്പർ 99/2010/തസ്വഭവ പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരിച്ചു. ഈ ഗ്രാമപഞ്ചായത്ത് 1/11/2010-ന് നിലവിൽ വന്നു. ഇടമലക്കുടി പ്രദേശത്തിന്റെ അടിസ്ഥാന വികസനത്തിനും പട്ടികവർഗ്ഗ ജന വിഭാഗങ്ങളുടെ ക്ഷേമത്തിനും അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ ജില്ല തിരിച്ച് ഏതെല്ലാം പഞ്ചായത്തുകൾ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ